## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *1 | 28-11-2018 -ൽ മറുപടിക്ക്

## പ്രളയദുരന്തത്തിനിരയായവരുടെ പുനരധിവാസം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.സജി ചെറിയാൻ<br>ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. വി. ജോയി<br>ശ്രീ. എം. നൗഷാദ്** | | **പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** |
| എ) | സംസ്ഥാനം നേരിട്ട ഭീകരമായ പ്രളയദുരന്തത്തിനിരയായവരുടെ പുനരധിവാസത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇതിനായി ചെലവഴിച്ച തുകയെത്രയെന്ന് അറിയിക്കാമോ; | എ) | കേരളം നേരിട്ട ഏറ്റവും വലിയ പ്രകൃതിദുരന്തമാണ് ആഗസ്റ്റ് മാസത്തിൽ ഉണ്ടായത്. വെള്ളപ്പൊക്കത്തിലും ഉരുൾ പൊട്ടലിലും മണ്ണിടിച്ചിലിലും പെട്ട് ലക്ഷക്കണക്കിന് ജനങ്ങളുടെ ജീവിതം അതീവ ദുരിതത്തിലായി. നിരവധിപേർ മരണപ്പെട്ടു. വീടുകളും കൃഷിയിടങ്ങളും വളർത്തുമൃഗങ്ങളും വാഹനങ്ങളും ജീവനോപാധികളും വ്യാപാരസ്ഥാപനങ്ങളും വിദ്യാലയങ്ങളും ആശുപത്രികളും റോഡുകളും പാലങ്ങളും ദുരന്തത്തിനിരയായി.<br>സമാനതകളില്ലാത്ത രക്ഷാ പ്രവർത്തനമാണ് ദുരന്തത്തിന്റെ തീക്ഷ്ണത വലിയൊരളവിൽ കുറച്ചത്. മത്സ്യത്തൊഴിലാളികളും വിവിധ സേനാംഗങ്ങളും ഉദ്യോഗസ്ഥരും യുവജനങ്ങളും പങ്കാളികളായ പുനരധിവാസ പ്രവർത്തനങ്ങൾക്ക് നാട് ഒരുമിച്ചുനിന്നു. സംസ്ഥാ നത്താകെ 5645 ദുരിതാശ്വാസ ക്യാമ്പുകളാണ് പ്രവർത്തിച്ചത്.<br>നാടിന്റെ പൊതുജീവിതം വീണ്ടെടുക്കുന്ന പ്രവർത്തനങ്ങളിൽ സർക്കാരിനോടൊപ്പം വിവിധ ജനവിഭാഗങ്ങൾ ഒരുമിച്ചുനിന്നു. |

| | | | |
|---|---|---|---|
| | | | ഇക്കാരണത്താൽ തന്നെ വെള്ളമിറങ്ങിയ പൊതു വഴികളിലും വീടുകളിലും, വിദ്യാഭ്യാസ-ആരോഗ്യ കേന്ദ്രങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞു. വൈദ്യുതി, ശുദ്ധജല വിതരണം പുനഃസ്ഥാപിക്കുന്നതിനും, പകർച്ചവ്യാധികൾ പടർന്നുപിടിക്കാതിരിക്കാനുമുള്ള മുൻകരുതലുകൾ കൈക്കൊള്ളുന്നതിനും നമുക്ക് വിജയിക്കാനായി.<br><br>• മരണമടഞ്ഞ 435 പേരുടെ ആശ്രിതർക്കാണ് നാലു ലക്ഷം രൂപ വീതം അനുവദിച്ചത്. അതിൽ അനന്തരാവകാശ രേഖകൾ സമർപ്പിച്ച 389 കുടുംബങ്ങൾക്കായി 15.56 കോടി രൂപ നൽകിയിട്ടുണ്ട്.<br>• ദുരിതാശ്വാസ ക്യാമ്പിൽ കഴിഞ്ഞവരാണോ അല്ലയോ എന്ന പരിഗണന ഇല്ലാതെതന്നെ 48 മണിക്കൂറിലധികം വെള്ളം കെട്ടിനിന്ന എല്ലാ കുടുംബങ്ങൾക്കും 10,000 രൂപ വീതം അനുവദിച്ചു. 6,80,000 (ആറുലക്ഷത്തി എൺപതിനായിരം) പേർക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്.<br>• 500 രൂപ വില വരുന്ന ഭക്ഷ്യവസ്തുക്കളുടെ കിറ്റ് ദുരിതാശ്വാസ ക്യാമ്പിൽനിന്ന് മടങ്ങുമ്പോൾ ലഭ്യമാക്കിയിരുന്നു. ഇതിനു പുറമെ, ഡിസംബർ 31 വരെ ദുരന്തബാധിതരായ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കും, സ്ത്രീകൾ മാത്രമുള്ള കുടുംബങ്ങൾക്കും ഭക്ഷ്യവസ്തുക്കളുടെ കിറ്റ് നൽകി വരുന്നു. 23.11.2018 വരെ 3,26,048 കുടുംബങ്ങൾക്കായി 16.30 കോടി രൂപ വിലവരുന്ന കിറ്റുകൾ വിതരണം ചെയ്തു. |

| | | | |
|---|---|---|---|
| | | | • സമ്പൂർണ്ണ ഡിജിറ്റൽ സംവിധാനം വഴിയുള്ള വിവര ശേഖരണമാണ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വഴി നടത്തിയത്.<br>• ദുരന്തത്തിൽ തകർന്ന വീടുകൾക്ക് ഉണ്ടായിട്ടുള്ള നാശ നഷ്ടത്തിന്റെ തോത് കുറഞ്ഞത് 15%, 16-29%, 30-59%, 60-74%, 75%ന് മേലെ എന്നിങ്ങനെ തരം തിരിച്ചാണ് ധനസഹായം അനുവദിക്കുന്നത്. ഓരോ വിഭാഗത്തിലും ധനസഹായ നിരക്കുകൾ യഥാക്രമം 10,000/- രൂപ, 60,000/- രൂപ, 1,25,000/- രൂപ, 2,50,000/- രൂപ, 4,00,000 രൂപ എന്നിങ്ങനെയായി Minimum Relief Code നിർണ്ണയിച്ചിട്ടുണ്ട്.<br>• പൂർണ്ണമായും തകർന്നതോ 75 ശതമാനത്തിലധികം നാശനഷ്ടം സംഭവിച്ചതോ ആയ വാസയോഗ്യമല്ലാത്ത വീടുകൾക്ക്, സ്വന്തമായി വീട് നിർമ്മിച്ചുകൊള്ളാമെന്ന വ്യവസ്ഥയിൽ നാലുലക്ഷം രൂപ വീതം നൽകാനാണ് വ്യവസ്ഥ ചെയ്തത്. അതിൽ 4635 കുടുംബങ്ങൾക്ക് ആദ്യ ഗഡു നൽകിക്കഴിഞ്ഞു. ഇതിന് പുറമെ ഭാഗികമായി വീട് തകർന്ന 1956 കുടുംബങ്ങൾക്ക് ആദ്യ ഗഡു നൽകി. ആകെ 39 കോടി രൂപയാണ് രണ്ടും ചേർത്ത് നൽകിയത്.<br>• വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് ഭൂമി കണ്ടെത്തുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഭൂമിയോ പുറമ്പോക്ക് ഭൂമിയോ മറ്റ് വകുപ്പുകളുടെ കൈയിൽ നിൽക്കുന്ന ഉപയോഗിക്കാതെയുള്ള ഭൂമിയോ സന്നദ്ധസംഘടനകളോ വ്യക്തികളോ സ്ഥാപനങ്ങളോ സംഭാവന ചെയ്യുന്ന ഭൂമിയോ ഏറ്റെടുക്കുന്നതിന് കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | • കൃഷിയും കന്നുകാലി വളർത്തലും ഉപജീവനമാർഗമായി കഴിഞ്ഞ നിരവധിപേരെ സഹായിക്കുന്നതിന് സന്നദ്ധ സംഘടനകൾ മുന്നോട്ടുവന്നു. ദുരന്ത പ്രതികരണ നിധിയിൽ നിന്ന് ഇതിനകം 49 കോടി രൂപ സഹായം നൽകി.<br>• ജീവനോപാധി നഷ്ടപ്പെട്ടവർക്ക് RKLS (Resurgent Kerala Loans Scheme) സഹായപദ്ധതി, കുടുംബശ്രീ മുഖേന ഒരുലക്ഷം രൂപ വരെ വായ്പ ലഭ്യമാക്കുകയുണ്ടായി. ഈ വായ്പയുടെ 9% പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് നൽകും. ഇതുവരെ 38,441 പേർക്ക് 308.8 കോടി രൂപ അനുവദിച്ചു.<br>• പ്രളയത്തിൽ രേഖകൾ നഷ്ടപ്പെട്ടവർക്ക് സമയബന്ധിതമായി, സൗജന്യമായി രേഖകൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു.<br>• ശുചീകരണ പ്രവർത്തനത്തിൽ സമാനതകളില്ലാത്ത പങ്കാളിത്തമാണ് ബഹുജനങ്ങളിൽനിന്നും സംഘടനകളിൽനിന്നും ഉണ്ടായത്. സർക്കാർ സംവിധാനങ്ങളുടെ സഹായത്തോടെ ഇവ പൂർത്തിയാക്കാൻ കഴിഞ്ഞു. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് വാർഡൊന്നിന് 25,000 രൂപയും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വാർഡൊന്നിന് 50,000 രൂപയും അനുവദിച്ചു.<br>• മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തി ഉചിതമായ തുക അനുവദിച്ചു. |

| | | | |
|---|---|---|---|
| ബി) | | | • പ്ലാന്റേഷൻ മേഖലയിൽ തൊഴിലുകളിൽ കുറവുണ്ടായത് കണക്കിലെടുത്ത് മുഴുവൻ തോട്ടം തൊഴിലാളികൾക്കും സൗജന്യ റേഷൻ ലഭ്യമാക്കി. മുൻഗണനേതര വിഭാഗങ്ങൾക്ക് ഡിസംബർ വരെ സൗജന്യമായി അഞ്ചു കിലോ അരി നൽകുവാൻ തീരുമാനിച്ചു.<br>• പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും 564.94 കോടി രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് 593.38 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.<br>കാലാവസ്ഥാ മുന്നറിയിപ്പ് സംവിധാനങ്ങൾ മെച്ചപ്പെടുത്തേണ്ടതിന്റെ സാഹചര്യം വിലയിരുത്തി വിവിധ സ്ഥാപനങ്ങളുമായി ചർച്ച ചെയ്ത് വെള്ളപ്പൊക്കബാധിത പ്രദേശങ്ങളുടെ ഭൂപടം തയ്യാറാക്കാൻ CWRDM, KFRI, എം.ജി യൂണിവേഴ്സിറ്റി, KSREC എന്നിവരെ ചുമതലപ്പെടുത്തി. എല്ലാ ജില്ലകളിലും കളക്ടർമാർക്ക് ഉപഗ്രഹ ഫോൺ നൽകാനുള്ള നടപടി സ്വീകരിച്ചുവരുന്നു. വയനാട്, എറണാകുളം, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകളിൽ ഇതിനകം നൽകിക്കഴിഞ്ഞു.<br>ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവയുടെ സാധ്യതാ പഠനങ്ങൾ നടത്തിവരുന്നു. മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര സന്ദേശങ്ങൾ ലഭ്യമാക്കാൻ മീഡിയം വേവ് സംവിധാനവും ഉപയോഗപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചു. |
| ബി) | പുനരധിവാസത്തിനും പുനർനിർമ്മാണത്തിനും കേന്ദ്ര സർക്കാരിൽ നിന്ന് | ബി) | ദേശീയ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡത്തിന്റെ |

| | | | |
|---|---|---|---|
| | ഇതുവരെ ലഭിച്ച സഹായം എന്തൊക്കെയാണ്; രാജ്യത്തെ ജനങ്ങളിൽ നിന്ന് കേന്ദ്ര സർക്കാർ സമാഹരിക്കുന്ന നികുതിപ്പണം ദുരന്ത സാഹചര്യങ്ങളിൽ വിവേചന രഹിതമായി അനുവദിക്കാത്തത് പുനർനിർമ്മാണ പ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കാനിടയുണ്ടോ; | | അടിസ്ഥാനത്തിൽ 5616.77 കോടി രൂപയാണ് സംസ്ഥാനം ആവശ്യപ്പെട്ടത്. ഇതിനു പുറമെ 5000 കോടി രൂപ പ്രത്യേക ധനസഹായമായി നൽകണമെന്നും ആവശ്യപ്പെട്ടിരുന്നു. എന്നാൽ 600 കോടി രൂപയാണ് പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കേന്ദ്രത്തിൽ നിന്ന് സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ളത്. അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്കനുസൃതമായ കണക്കെടുപ്പിൽ ഐക്യരാഷ്ട്രസഭയുടെ ഏജൻസികൾ തന്നെ 26,718 കോടി രൂപയുടെ നഷ്ടവും പുനർനിർമ്മാണത്തിന് 31,000 കോടി രൂപ വേണ്ടിവരുമെന്നും വിലയിരുത്തിയിട്ടുണ്ട്. കേന്ദ്രം അനുവദിച്ച തുകയുടെ പര്യാപ്തത വിലയിരുത്തേണ്ടത് ഈ സാഹചര്യത്തിലാണ്. കൂടുതൽ കേന്ദ്രസഹായം ലഭിക്കുമെന്നാണ് നാട് പ്രതീക്ഷിക്കുന്നത്. |
| സി) | വിദേശ രാജ്യങ്ങൾ സ്വമേധയാ നൽകുന്ന സാമ്പത്തിക സഹായം നിഷേധിച്ചും പ്രവാസി മലയാളികളിൽ നിന്നും സഹായം തേടുന്നതിനുള്ള സംസ്ഥാന മന്ത്രിമാരുടെ യാത്ര തടഞ്ഞും പുനർനിർമ്മാണ പ്രക്രിയയെ പ്രതിസന്ധിയിലാക്കുന്ന നിലപാടിൽ മാറ്റം വരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രതികരണം എന്തായിരുന്നുവെന്ന് അറിയിക്കുമോ? | സി) | ഇക്കാര്യം പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ